പേർ മാത്രമേ ഉണ്ടാവുകയുള്ളു. ആ അഞ്ഞൂറു പേർക്കും കഴിയുന്നത്ര വേഗം ജോലി ലഭ്യമാക്കാൻ വേണ്ട നടപടികളാണ് എടുക്കുന്നതാണ്. ഒരു പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായതുകൊണ്ട് ആ പദ്ധതി നടപ്പിലാക്കുമ്പോൾ മാത്രമേ ഇത് സാധിക്കുകയുള്ളു. ഗവൺമെൻറ് ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(17) അതുംകുളം—തണ്ണിത്തോട് റോഡ്

ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള: സർ, അയ്യായിരത്തിലധികം കുടുംബങ്ങൾ അധിവസിക്കുന്ന ഒരു മലയോര പ്രദേശമായ തണ്ണിത്തോട് പഞ്ചായത്തിലേക്കുള്ള ഏക ഗതാഗത മാർഗ്ഗമാണ് അതുംകുളം—തണ്ണിത്തോട് റോഡ്. ആ റോഡ് കാൽനട യാത്രക്കാർക്കും വാഹന യാത്രയ്ക്കും ഒരുപോലെ ബുദ്ധിമുട്ടായിരിക്കുകയാണ്. ആകെയുള്ള 12.2 കിലോമീറ്റർ റോഡിൽ 5.38 കിലോമീറ്റർ റോഡ് ഒഴികെ ബാക്കിയുള്ള ഭാഗമെല്ലാം പി.ഡബ്ളിയു.ഡി. യുടെ ചുമതലയിലാണ്. കേന്ദ്ര വനനിയമം ഈ റോഡിന്റെ വികസനത്തിന് തടസ്സമായി നിൽക്കുന്നുവെന്നാണ് പറയുന്നത്. പി.ഡബ്ല്യിയു.ഡി. യുടെ പുന:സംഘടനയുടെയും അതുപോലെതന്നെ അടുത്തകാലത്തുണ്ടായ ഡൈഫർക്കേഷന്റെയും ഫലമായി 'ഫോറസ്റ്റ്' എഞ്ചിനീയറിംഗ് ഡിവിഷന്റെ കീഴിലുള്ള പണികളും ബന്ധപ്പെട്ട പി.ഡബ്ലിയു.ഡി. ഡിവിഷനിലേക്ക് ഇന്ന് ട്രാൻസ്ഫർ ചെയ്തു കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള ഈ റോഡിന്റെ ഭാഗം പ്രത്യേകം കൈമാറം ചെയ്യേണ്ട ആവശ്യംപോലുമില്ല. പി.ഡബ്ലിയു.ഡി. ഏറ്റെടുത്ത് ഈ ജോലികളും ചെയ്യത്തക്കവിധം ഈ റോഡിനു 8 കിലോമീറ്ററും അതിൽക്കൂടുതലും വീതി ഇപ്പോഴുണ്ട്. ചീഫ് എഞ്ചിനീയർ നേരത്തെ അംഗീകാരം നൽകിയിട്ടുള്ള ബഡ്ജറ്റ് വർക്കാണ് ഇത്. അതുകൊണ്ട് ഈ റോഡ് ഏറ്റെടുത്തു അതിന്റെ പണി നടത്തുന്നതിനാവശ്യമായ അടിയന്തിരമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അബുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ 10—20 കിലോമീറ്റർ ദൈർഘ്യമുള്ള ഈ റോഡിന്റെ പകുതിയിലധികം ഭാഗവും ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിന്റെ ഭൂമിയാണ്. ആ ഭൂമി വിട്ടുകിട്ടാതെ ഈ റോഡ് ഏറ്റെടുക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടാണ് ഇത് നീണ്ടുപോകുന്നത്. ഇപ്പോൾ ഏകദേശം നാൽപ്പത്തെട്ടു ലക്ഷം രൂപ ചെലവ് വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വനം വകുപ്പിന്റെ ഭൂമി വിട്ടുകിട്ടുന്നതോടുകൂടി ഇതിന്റെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കും. അതിന് സ്വാഭാവികമായും ചില തടസ്സങ്ങൾ ഉണ്ടാകും.

(18) ദുർബ്ബല ജനവിഭാഗങ്ങളുടെ ഭവനനിർമ്മാണ പദ്ധതിക്കുള്ള ഫണ്ട് വിതരണത്തിലെ ക്രമക്കേടുകൾ

ശ്രീ. കെ. ടി. കുഞ്ഞാരൻ: സർ, ദുർബല ജനവിഭാഗങ്ങളുടെ പുനരധിവാസ ഭവന നിർമ്മാണ പദ്ധതിയനുസരിച്ചുള്ള ഫണ്ട് വിതരണം ചെയ്യുന്നത് കോഴിക്കോട് ജില്ലയിൽ യഥാർത്ഥ

LIBRARY ARCHIVES Kerala Legislative Assembly

ഉപഭോക്താക്കൾക്ക് ലഭ്യമാകാതിരിക്കുകയാണ്. സൗജന്യമായിട്ടുള്ള റേഷൻ വിതരണത്തിൽ കാണിക്കുന്ന രാഷ്ട്രീയ പക്ഷപാതത്തിനു പുറമെ സാമ്പത്തിക തട്ടിപ്പും പരക്കെ നടക്കുകയാണ്. അവിടെ സന്നദ്ധ സംഘടനകൾ മുഖേനയാണ് ഈ പരിപാടി നടപ്പിലാക്കുന്നതെന്ന് പ്രഖ്യാപിച്ചു. 6500 റേഷൻകാർഡുകൾ വിതരണം ചെയ്തു കഴിഞ്ഞതിൽ സന്നദ്ധ സംഘടനകൾക്ക് പലതിനും കൊടുത്തിരുന്നില്ല. യൂത്ത് ലീഗുകാരുടെ സന്നദ്ധസംഘടനകൾക്കും വികാരി അച്ചൻമാരുടെ സന്നദ്ധ സംഘടനകൾക്കും കൊടുത്തു. മുകേരി ഗവൺമെന്റ് കോളേജ് നാഷണൽ സർവീസ് സ്കീം യൂണിറ്റ് 100 വീട് കഴിഞ്ഞ പ്രാവശ്യമുണ്ടാക്കിയതാണ്. അവർക്ക് ഒരു റേഷൻ പോലും കൊടുത്തിട്ടില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങ് മാന്യനായ ഒരു മന്ത്രിയാണ്, ഈ റേഷൻ വിതരണത്തിൽ കാണിക്കുന്ന സാമ്പത്തികമായ തട്ടിപ്പ് അങ്ങേക്ക് ഭൂഷണമല്ല. ഭരണകക്ഷിയിലുള്ള ഒരു നേതാവ് 500 റേഷൻ കൊണ്ടുപോയിട്ട് 100-ഉം 200-ഉം രൂപയ്ക്ക് വിൽപന നടത്തിയിരുന്നതായി ഞാൻ ഉത്തരവാദിത്വബോധത്തോടുകൂടി പറയുകയാണ്. ഇത് ഖേദകരമാണ്. ഈ റേഷൻ വിതരണ കാര്യത്തിൽ അത് യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാക്കണം. അത് ലഭിക്കുന്നില്ലായെന്നുള്ള കാര്യം ഞാൻ ഉത്തരവാദിത്വബോധത്തോടുകൂടി പറയുകയാണ്. ഇതുവരെ നടന്നിട്ടുള്ള റേഷൻ വിതരണത്തിൽ കാണിക്കുന്ന രാഷ്ട്രീയ പക്ഷപാതവും സാമ്പത്തിക തട്ടിപ്പും അവസാനിപ്പിച്ചുകൊണ്ട് യഥാർത്ഥമായിട്ടുള്ള സംഘടനകൾ മുഖേന ഈ റേഷൻ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. റേഷൻ വിതരണം ചെയ്തിട്ട് അത് ഇതുവരെ സ്വീകരിക്കാൻ തുടങ്ങിയിട്ടില്ല. അത് എപ്പോൾ സ്വീകരിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി ഈ സഭാ വേദിയിൽ പ്രസ്താവിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ഈ കാര്യത്തിൽ ഗവൺമെന്റിന് സന്തോഷമുണ്ട്. കഴിഞ്ഞ വർഷം ഈ പദ്ധതി ഏറ്റെടുത്തപ്പോൾ കോഴിക്കോട് ജില്ലയ്ക്ക് 10,000 വീടുകൾ കൊടുക്കാമെന്ന് പറഞ്ഞിട്ട് രണ്ടു മാസം സമയം എക്സ്റ്റൻഷൻ കൊടുത്തതിനു ശേഷമാണ് എണ്ണം തികഞ്ഞത്. ഇത്തവണ റേഷൻ വിതരണം നടത്തുന്ന സമയത്തുതന്നെ കളക്ടർ പറഞ്ഞത് ഒരു ലക്ഷം റേഷൻകാർഡെങ്കിലും ഡിമാൻഡ് വന്നിരിക്കുന്നുവെന്നാണ്. കഴിഞ്ഞ വർഷം നടപ്പാക്കിയ പദ്ധതി അത്ര വിജയകരമായിരുന്നതുകൊണ്ടാണ് ഈ ആവശ്യം വന്നിരിക്കുന്നത്. ഏതായാലും യാതൊരു വിധമായ ഇടപെടലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ജില്ലാകളക്ടർമാരാണ് വിതരണം നടത്തിയത്. വില്ലേജ് ആഫീസുകളിലാണ് ഇത് ഏൽപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് വില്ലേജ് ആഫീസർമാർ വഴിയല്ലാതെ ചെയ്യുകയില്ല. അദ്ദേഹം ഉന്നയിച്ചത് ഒരു കോളേജിന്റെ കാര്യമാണ്. വിദ്യാർത്ഥികളുടെ എൻ.എസ്.എസ്. യൂണിറ്റുകൾക്ക് പ്രാധാന്യം കൊടുത്തിട്ടുണ്ട്. ഈ കോളേജ് എൻ.എസ്.എസ്. യൂണിറ്റിനു കൊടുക്കാനുള്ള ശുപാർശ ചെയ്യാം. ഈ പരാതി ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(19) കോവളം നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. എൻ. ശക്തൻ നാടാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പല പഞ്ചായത്തുകളിലും ഇന്ന് രൂക്ഷമായ ശുദ്ധജലക്ഷാമം

LIBRARY ARCHIVES Kerala Legislative Assembly